# സാഹിത്യവാരഫലം

1986/02/16 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

# സാഹിത്യവാരഫലം

1986/02/16-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

തിരൂർ—പൊന്നാനിപ്പുഴയെ വർണ്ണിക്കുന്ന വള്ളത്തോളിന്റെ അന്തർല്ലോചനം പൊടുന്നനവേ തുഞ്ചൻപറമ്പിനെ കാണുകയും അദ്ദേഹം താനറിയാതെ ഇങ്ങനെ ഉദ്ഘോഷിക്കുകയും ചെയ്യുന്നു.

> ഇതാ, കിഴക്കേക്കരമേൽപ്പറമ്പൊ-
> ന്നൊരാലയത്തിൻതറയൊത്തുകാൺമൂ
> മറ്റെന്തിതിൻ നേർക്കു നമസ്കരിക്ക
> സാഷ്ടാംഗമായ് നീ മലയാളഭാഷേ.


വള്ളത്തോൾ

ഈ കാവ്യത്തിന്റെ ഉത്തരാർദ്ധം ഉളവാക്കുന്ന അദ്ഭുതാംശമാണ് മഹത്ത്വമാർന്ന കവിതയ്ക്ക് ആസ്പദം. ഇനി മറ്റൊരു ഭാഗം നോക്കാം. വാസവദത്തയുടെ രക്തമാകെ ഒഴുകിപ്പോയി. സിരകൾ ശൂന്യമായി. പ്രാണപാശം അറ്റുപോകാറായി. എങ്കിലും അങ്ങനെ കിടന്നുകൊണ്ട് അവൾ ഉപഗുപ്തനെ കാണാനായി തല ഉയർത്തുന്നു. ആ സന്ദർഭത്തിൽ കുമാരനാശാൻ പറയുകയാണ്:

> അന്തിമമാം മണമർപ്പിച്ചടിവാൻമലർകാക്കില്ലേ
> ഗന്ധവാഹനെ—രഹസ്യമാർക്കറിയാവൂ?


ഇവിടെയും ഈ വരികൾ ഉത്പാദിപ്പിക്കുന്ന അദ്ഭുതാംശമാണ് കവിതയ്ക്കു മഹനീയത നൽകുന്നത്. കാണാവുന്നതിനും സ്പർശിക്കാവുന്നതിനും അപ്പുറത്തുള്ള അജ്ഞാതവും അജ്ഞേയവും ആയതിനെ അഭിവ്യഞ്ജിപ്പിക്കാൻ ആർക്കു കഴിയുന്നുവോ ആ ആളാണ് കവി. ഈ സിദ്ധിവിശേഷം ഏറ്റവും കൂടിയ അളവിൽ വ്യാസനും ഹോമർക്കും ഷേക്സ്പിയറിനും ഉണ്ടായിരുന്നു.


കുമാരനാശാൻ

ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ ഒരുദാഹരണം ഓർമ്മയിലെത്തുന്നു. അതും കൂടി കാണിച്ചുകൊള്ളട്ടെ. ഏകാന്തത നിറഞ്ഞ കടപ്പുറത്ത് ഒറ്റയ്ക്കുനിന്ന് ചൂണ്ടയിട്ട് മീൻ പിടിക്കാൻ ശ്രമിക്കുന്ന ഒരു മുക്കുവബാലനോട് കവി ചോദിച്ചു, അവന് പേടിയില്ലേയെന്ന്. പേടി ഒട്ടുമില്ലെന്ന് മറുപടി നൽകിയശേഷം അവൻ പറഞ്ഞു:


> ഈ മണൽവിരിപ്പിന്മേൽ മറിഞ്ഞും മണപ്പിച്ചും
> കാമം പോലെന്നോട് കളിക്കുന്നൊരിപ്പൊണ്ണൻ
> പാതിരായ്ക്കെങ്ങാൻ കൂർക്കം വലിക്കാനാരംഭിക്കേ
> വാർതിങ്കൾ തെങ്ങിൻതോപ്പിലെത്തിച്ചു നോക്കാൻ വന്നാൽ
> ഭാവമപ്പടി മാറും കരയിൽച്ചുരമാന്തി
> ഭുവമ്പേക്കുലുക്കുമ്പോളമ്പിളി വിളർത്തുപോം.

തെങ്ങിൻതോപ്പിന്റെ മുകളിൽ ചന്ദ്രനുദിക്കുന്നത് നമ്മൾ കണ്ടിട്ടുണ്ട്. അപ്പോൾ പട്ടി കുരയ്ക്കുന്നത് കേട്ടിട്ടുണ്ട്. എന്നാൽ ഈ പ്രാപഞ്ചിക സംഭവത്തിൽ അടങ്ങിയ അദ്ഭുതാംശം കവി—ജി. ശങ്കരക്കുറുപ്പ്—എടുത്ത് കാണിക്കുന്നതു വരെ നമ്മൾ അറിയുന്നില്ല.


ഹോമർ

അനുവാചകന് എപ്പോഴും വേണ്ടത് ഈ വിസ്മയാംശമാണ്. അതിന്റെ കൂടെ അയാൾ പലതും ചോദിക്കും. ആ ചോദ്യങ്ങൾ പ്രച്ഛന്നങ്ങളായിരിക്കുമെന്നെയുള്ളൂ. അർത്ഥാന്തരങ്ങൾ, ലയം, ബാഹ്യസംഗീതം (ആന്തരസംഗീതമാണ് ലയം) ഇവയൊക്കെയാണ് അയാൾക്ക് വേണ്ടത്. ഒരു കൊച്ചുകഥ കൊണ്ട് ഇതു വ്യക്തമാക്കാം. ജനിച്ച നാൾ തൊട്ട് അന്ധനായിരുന്നു, ആ യാചകൻ. നിരന്തരമായ പ്രാർത്ഥനയാൽ അയാൾ ഈശ്വരനെ സന്തോഷിപ്പിച്ചു. ഈശ്വരൻ പ്രത്യക്ഷനായി അയാളോട് പറഞ്ഞു: “ഒരു വരം മാത്രം ചോദിക്കൂ”. കുറച്ചു നേരം യാചകൻ കുഴങ്ങി. പക്ഷേ, എല്ലാ യാചകരും ബുദ്ധിയുള്ളവരാണ്. അയാൾ പറഞ്ഞു: “ഒറ്റ വരമേ ഞാൻ ചോദിക്കുന്നുള്ളൂ. എന്റെ പേരക്കുട്ടിയുടെ പേരക്കുട്ടി ഏഴ് നിലയുള്ള കൊട്ടാരത്തിൽ അനേകം ഭൃത്യന്മാരാൽ പരിസേവിതനായി സ്വർണ്ണനിർമ്മിതമായ പാത്രങ്ങളിൽ നിന്ന് വിശിഷ്ടഭോജ്യങ്ങൾ കഴിക്കുന്നത് എനിക്ക് കാണണം” (യാചകൻ സംസ്കൃതം പഠിച്ചിട്ടുണ്ടോ എന്ന് പ്രിയപ്പെട്ട വായനക്കാർ ചോദിക്കരുതേ). ഒരു വരം മാത്രം സംശയമില്ല. പക്ഷേ, അതിലെന്തെല്ലാമുണ്ട്? കാഴ്ച വീണ്ടുകിട്ടുക, ദീർഘായുസ്സ് ലഭിക്കുക, സമ്പത്ത് ഉണ്ടാവുക, യാചകന് തന്നെ ഭാര്യയെ കിട്ടുക ഇങ്ങനെ പലതും. കവിതയിൽ നിന്ന് അദ്ഭുതാംശം ചോദിക്കുന്ന അനുവാചകൻ ഇയാളെപ്പോലെയാണ്. അർത്ഥാന്തരങ്ങൾ തുടങ്ങിയവയെല്ലാം അതിൽ അടങ്ങിയിരിക്കുന്നു.

## ആനന്ദിന്റെ കഥ


ഗെയോർഗ്ഗ് ലൂക്കാച്ച്

ഈ വിസ്മയാംശം ജനിപ്പിക്കുന്നതിൽ വിജയം കൈവരിച്ചിരിക്കുന്നു, ‘പഴയ കളികൾ’ എന്ന ചെറുകഥയെഴുതിയ ആനന്ദ് (മാതൃഭൂമി ആഴ്ചപ്പതിപ്പ്—ലക്കം 46). ‘കെട്ടി നിൽക്കുന്ന ചെളിവെള്ളത്തിൽ മഴവില്ലിന്റെ നേർത്ത നിറങ്ങളുണ്ടെങ്കിലും അതു ചെളിവെള്ളം തന്നെയാണല്ലോ?’ എന്ന് ഹംഗേറിയൻ എഴുത്തുകാരനായിരുന്ന ഗെയോർഗ്ഗ് ലൂക്കാച്ച് പറഞ്ഞിട്ടുണ്ട്. (After all, a puddle can never be more than dirty water, even though it may contain rainbow tints—Lukacs against Bloch എന്ന ലേഖനം. “Aesthetics and politics—Debates between Bloch, Lukacs, Brecht, Benjamin, Adorno” എന്ന ഗ്രന്ഥം). വിരസങ്ങളായ ആയിരം വാക്യങ്ങൾ എഴുതുന്ന കഥാകാരന്റെ രണ്ടോ മൂന്നോ വാക്യങ്ങൾ രസാത്മകങ്ങളായെന്ന വരാം. ആനന്ദിന്റെ കഥ അമ്മട്ടിലല്ല. അതു നിർമ്മലമായ ജലാശയമാണ്. അതിൽ മഴവില്ലിന്റെ ഉജ്ജ്വലവർണ്ണങ്ങളാകെയുണ്ട്. പ്രായം ചെന്ന മനുഷ്യരെയും പ്രായം കൂടിയ മൃഗങ്ങളെയും കൊണ്ട് സർക്കസ്സ് കാണിക്കാനെത്തിയ ഒരു പാവത്തിന്റെ കഥ പറയുകയാണ് കഥാകാരൻ. അയാൾ കാണിച്ചതൊക്കെ പഴയ കളികൾ. ജനത്തിന് അതു കാണേണ്ടതില്ല. അവർ സർക്കസ്സ് കമ്പനിക്കാരെ കൂവിയോടിച്ചു. എന്നാൽ നേരത്തേ ഒരു കൂട്ടർ വന്ന് വാളുകൾ കൊണ്ട് വിദ്യകൾ കാണിച്ചപ്പോൾ ബഹുജനം കൈയടിച്ച് അവരെ പ്രോത്സാഹിപ്പിച്ചതേയുള്ളൂ. ലളിതമായ ആഖ്യാനത്തിലൂടെ സമകാലികസമുദായത്തിന്റെ ചിത്രം ആകർഷകമായി വരയ്ക്കുന്ന ആനന്ദ്. ഇവിടെ വിദഗ്ദ്ധങ്ങളെന്നാലും പുതുമ നശിച്ച പ്രവർത്തനങ്ങൾ ആർക്കും വേണ്ട. ആപത്തുണ്ടാക്കുന്ന, രക്തം പ്രവഹിപ്പിക്കുന്ന കളികൾ ഉണ്ടോ? ഉണ്ടെങ്കിൽ കാണിക്കു എന്നാണ് ജനത ആവശ്യപ്പെടുന്നത്. മനുഷ്യൻ എങ്ങനെയിരുന്നാലും വേണ്ടില്ല, ഉള്ളിലുള്ളതു മാത്രം പുറത്തു കാണിച്ചാൽ മതി എന്നോ മറ്റോ ഒഥല്ലോ നാടകത്തിൽ വായിച്ച ഓർമ്മയുണ്ട്. നാട്യമുള്ള മനുഷ്യനെ ആനന്ദിനെ വഞ്ചിക്കാനാവില്ല. അദ്ദേഹം അവരെ യഥാർത്ഥവർണ്ണത്തിൽ തന്നെ കാണുന്നു. കൊതിയാർന്ന, ക്രൂരതയാർന്ന മനുഷ്യനെ ചിത്രീകരിച്ച് നിഷ്കളങ്കതയും സ്നേഹവായ്പും ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെ അദ്ദേഹം ധ്വനിപ്പിക്കുന്നു.

## മഗ്ദലനമറിയവും എം. ഗോവിന്ദനും


ബാംബർ ഗസ്കോയിൻ

“മഗ്ദലനമറിയയ്ക്കു പുണ്യവാളത്തി പദം തിരുസഭ നൽകിയില്ല. അതു തീരെ ശരിയായില്ല.” എന്ന എം. ഗോവിന്ദൻ പറഞ്ഞതിന് ഏറെ എതിർപ്പുകൾ ഉണ്ടായിരിക്കുന്നു. ആ എതിർപ്പുകളുടെ സ്വഭാവം വ്യക്തമാക്കിയിട്ട് അദ്ദേഹം ഇപ്പോൾ പറയുന്നു: “അപ്പോസ്തല പാരമ്പര്യമനുസരിച്ച് മഗ്ദലനമറിയത്തിന്റെ ‘സെയിന്റ് ഹുഡ്’ പോലും രണ്ടാം കിടയിൽപ്പെടുന്നു.” ഈ പ്രസ്താവത്തേയും മതപണ്ഡിതന്മാർ എതിർക്കുമെന്ന ഗോവിന്ദൻ കരുതുന്നുണ്ട്. അദ്ദേഹം തുടർന്നെഴുതുന്നു: “ഇത്രയും ഞാനിവിടെ സൂചിപ്പിക്കുമ്പോൾ മറ്റു ചോദ്യങ്ങൾ വരാനിടയുണ്ടെന്നും ഞാൻ മനസ്സിലാക്കുന്നു. മഗ്ദലനമറിയത്തെ പുണ്യവാളത്തിയാക്കില്ലെന്ന താങ്കൾ പരാതി ഉന്നയിച്ചു. അതിൽ പരാജയപ്പെട്ട് ഇപ്പോൾ എന്നാലും വേണ്ടപോലെ ചെയ്തിട്ടില്ലെന്ന നിഗമനം വച്ചു നീട്ടുന്നു. ഇതിനെന്തർത്ഥം?” (കലാകൗമുദി, ലക്കം 542). സാങ്കല്പികമായ ഈ ചോദ്യത്തിനും ഗോവിന്ദൻ ഉത്തരം നല്കിയിട്ടുണ്ട്.

ഇത്തരം വിഷയങ്ങളിൽ സുപ്രതിഷ്ഠിതമെന്നു കരുതാവുന്ന ഒരു തീരുമാനത്തിലും ആർക്കും എത്താവുന്നതല്ല. ലൂക്കിന്റെ സുസംവാദത്തിൽ (7–36) അവതരിപ്പിക്കുന്ന പേരില്ലാത്ത സ്ത്രീയെ മഗ്ദലനമറിയമായിട്ടോ ബഥനിയിലെ മേരിയായിട്ടോ കരുതുന്നതു ശരിയല്ലെന്നു ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ($8^2$ മാർക്ക് $14^{3-4}$ ജോൺ $12^{1-8}$). യേശുവിനെ ഒരു സ്ത്രീ സുഗന്ധതൈലം പൂശിച്ച രണ്ടു കഥകളും തമ്മിൽ “ഇന്ററാക്ഷൻ”—പരസ്പരപ്രവർത്തനം—ഉണ്ടായിരിക്കാമെന്ന് അവർക്കു മതമുണ്ട്. (ജോൺ $12^{-3}$, ലൂക്ക് $7^{38}$) (Saint Luke, G. B. Caird, Penguin Book, Page 115) ‘സെയിന്റ് ഹുഡി’നെക്കുറിച്ചും ഇതു തന്നെയാണ് പറയാനുള്ളത്. ഫാക്ട് ഏത്, ഫിക്ഷനേത്? എന്ന നിർണ്ണയിക്കാൻ പ്രയാസം. മഗ്ദലനമറിയത്തെ പുണ്യവാളത്തിയായിട്ടു തന്നെയാണ് ക്രൈസ്തവലോകത്തിൽ പലരും കരുതിപ്പോരുന്നത്. St. Mary Magdalene (മഗ്ദലൻ എന്ന് ഉച്ചാരണം) എന്നാണ് ക്രിസ്ത്യാനികൾ അവരെ പരാമർശിച്ചു കണ്ടിട്ടുള്ളത്.



വെസേലേ സന്ന്യാസിമഠത്തിൽ മേരി മഗ്ദലനയുടെ അസ്ഥിപഞ്ജരം സമ്പൂർണ്ണാവസ്ഥയിലുണ്ടായിരുന്നു. തീർത്ഥാടകർ അവിടേക്കു പ്രവഹിക്കാറുണ്ട്. സ്വർഗ്ഗത്തിരിക്കുന്ന പുണ്യവാളത്തി പാപികളായ തീർത്ഥാടകർക്കുവേണ്ടി ഒരു നല്ലവാക്കെങ്കിലും പറയാതിരിക്കില്ലന്നാണ് The Christians എന്ന നല്ല പുസ്തകമെഴുതിയ ബാംബർ ഗസ്കോയിൻ (Bamber Gascoigne) പറയുന്നത്. മഗ്ദലനമറിയം പാപം ചെയ്തവളായിരുന്നു, വേശ്യയായിരുന്നു, യേശുക്രിസ്തുവിന്റെ പ്രത്യേക കൂട്ടുകാരിയുമായിരുന്നു. അവർക്ക് അതു മനസ്സിലാകും. അവർക്ക് അത് വിവരിച്ചു കൊടുക്കാൻ സാധിക്കും. (She had herself been a sinner, it was believed even a prostitute, and yet she was a special friend of Jesus. She would understand; she could explain—Page 95). വെസേലയിൽ വച്ചല്ല വേറേ എവിടെയോ വച്ച് മഗ്ദലനമറിയത്തിന്റേതായി കരുതപ്പെടുന്ന ഒരസ്ഥിയുടെ അറ്റം ഒരു ബിഷപ്പ് നമസ്കരിക്കുന്ന വേളയിൽ കടിച്ചു മുറിച്ചെടുത്ത് തന്റെ പള്ളിയിലേക്കു കൊണ്ടുപോയെന്നും ഗസ്കോയിൻ എഴുതുന്നു. ഹംഗറിയിലെ ഇലിസബത്ത് പുണ്യാളത്തി 1231-ൽ മരിച്ചു. ആ മൃതദേഹത്തിൽ നിന്ന് ഭക്തന്മാർ അവരുടെ മുടിയും നഖങ്ങളും മുലക്കണ്ണുകളും മുറിച്ചെടുത്തുകൊണ്ടുപോയി എന്നും അദ്ദേഹം പറയുന്നുണ്ട്. ഭക്തിപ്രകർഷം എന്നല്ലതെ എന്തെഴുതാൻ? വെസേല സന്ന്യാസിമഠത്തിലെ അസ്ഥിപഞ്ജരത്തെ പ്രൊട്ടസ്റ്റന്റുകാർ പിന്നീട് എരിച്ചു കളഞ്ഞതായും ഗ്രന്ഥത്തിൽ പ്രസ്താവമുണ്ട്. ഇതൊക്കെ കൊണ്ടാണ് ആരു പുണ്യവാളൻ ആരു പുണ്യവാളത്തി എന്നു നിർണ്ണയിക്കാൻ വൈഷമ്യമുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചത്. ഭക്തന്മാർ ആരാധിക്കുന്ന പല പുണ്യവാളന്മാരും യഥാർത്ഥത്തിൽ ജീവിച്ചിരുന്നവരല്ലെന്നും മതപണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. A History of Christianity എന്ന ഗ്രന്ഥമെഴുതിയ പോൾ ജോൺസൺ പറയുന്നതു കേട്ടാലും: “A great many primitive biographies of the earliest monks survive, but most of them are pure fiction. This is certainly true of the life of the St. Barlaam, who probably never existed; and the life of Joasaph is based on Budha (Page 139 ഒടുവിലത്തെ ഖണ്ഡിക).

വലിയ പ്രയോജനമില്ലാത്ത കാര്യത്തെക്കുറിച്ചാണ് അഭിവന്ദ്യനായ ഗോവിന്ദനും അദ്ദേഹത്തെ എതിർക്കുന്ന പുരോഹിതന്മാരും തർക്കിക്കുന്നത് എന്നതു സ്പഷ്ടമാക്കുന്ന ഇതെല്ലാം.

ഞാൻ വിദ്യാർത്ഥിയായിരുന്ന കാലത്ത്, മഗ്ദലനമറിയത്തെക്കുറിച്ച് ഒരു ഫ്രെഞ്ച് പാതിരി എഴുതിയ ഒരു വലിയ പുസ്തകം വായിച്ചിട്ടുണ്ട്. ഗ്രന്ഥകാരന്റെ പേര് ഓർമ്മയില്ല. തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജ് ലൈബ്രറിയിൽ നിന്നാണ് ആ പുസ്തകം എനിക്കു കിട്ടിയത്. എം. ഗോവിന്ദനും പുരോഹിതന്മാരും വിദ്വജ്ജനോചിതമായ ആ ഗ്രന്ഥം വായിച്ചാൽ കൊള്ളാം.

## നിർവ്വചനങ്ങൾ

നെഹ്റു സ്വർണ്ണക്കപ്പ് ഫുട്ബോളിന്റെ ‘റണ്ണിങ് കമന്ററി’ നടത്തുന്നവർ:

അതിസുന്ദരമായ മലയാളം പറയുന്ന അനുഗൃഹീതർ. സ്വർണ്ണാഭരണത്തിൽ രത്നം വച്ചതുപോലുള്ള പ്രയോഗങ്ങൾ നടത്താൻ കെൽപ്പുള്ളവർ. ഒന്നുരണ്ടു രത്നങ്ങൾ ഇതാ: പന്ത് മെല്ലെ പതുക്കെ മന്ദമായി ഉരുളുന്നു. കളി വീണ്ടും പുനരാരംഭിക്കുകയായി (ഇതു എഴുതുന്നത് 24-01-86-ൽ).

ഇന്ത്യൻ ഫുട്ബോൾ കളിക്കാർ:

പണ്ടൊരു കൊച്ചിരാജാവ് ഫുട്ബോൾകളി കണ്ടിട്ട് ദേഷ്യത്തോടെ പറഞ്ഞത് അനുസ്മരിപ്പിക്കുന്നവർ. പതിനൊന്നു പേർ വേറേ പതിനൊന്നു പേരോട് കളിക്കുന്നതു കണ്ടപ്പോൾ രാജാവ്: എന്തിനു എല്ലാവരും കൂടെ ഒരു പന്തിനു വേണ്ടി അടിപിടി കൂടുന്നു? ഇട്ടുകൊടുക്കട്ടെ ഓരോരുത്തനും ഓരോ പന്ത്.

താടി:

സുന്ദരമായ മുഖത്തെ വിരൂപമാക്കാനായി ചലച്ചിത്രസംവിധായകരും ചിത്രകാരന്മാരും വളർത്തുന്ന രോമസമൂഹം.

ഭാര്യ:

‘ഞാൻ നിന്നെ സ്നേഹിക്കുന്നു’ എന്ന ഒരു മിനിറ്റിൽ അറുപതു സെക്കൻഡും ഭർത്താവ് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ മാത്രം സന്തോഷിക്കുന്ന സ്ത്രീ.

വയറ്:

സ്കൂട്ടറിന്റെയോ മോട്ടോർ സൈക്കിളിന്റെയോ പിറകിലിരിക്കുന്ന തരുണിയ്ക്ക് കൈവയ്ക്കാനുള്ള പുരുഷന്റെ അവയവം. അതിന്റെ വൈപുല്യം കൂടുന്തോറും കാഴ്ച ജുഗുപ്സാവഹമായിരിക്കും.

ഭർത്താവ്:

സുന്ദരനാണെങ്കിൽ ഒരു പരിചയവുമില്ലാത്ത ആളുകൾ താമസിക്കുന്നിടത്തും ‘സകലമാന’ ബന്ധുക്കൾ പാർക്കുന്നിടത്തും ഭാര്യ കൂട്ടികൊണ്ടു പോകുന്ന ഒരു ഹതഭാഗ്യൻ.

## ഒ. എൻ. വി.-യും വി. എസ്സും


ഒ. എൻ. വി. കുറുപ്പ്

ഞാൻ ദേശാഭിമാനി വാരിക മാത്രമല്ല ദിനപത്രവും പതിവായി വായിക്കുന്ന ആളാണ്. ജനുവരി 23-ആം തീയതിയിലെ പത്രത്തിൽ ഇങ്ങനെ ചില വാക്യങ്ങൾ: “തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തെ നിറിപ്പകയുന്ന നെറിപ്പോടായി ഇപ്പോൾ പ്രസംഗിക്കുന്ന ഒ. എൻ. വി. കുറുപ്പ് അടിയന്തരാവസ്ഥയെ സ്തുതിച്ച് കവിതയെഴുതിയതും ജനങ്ങൾ മറന്നിട്ടില്ല. ഇവരെ മുന്നിൽ നിറുത്തി പിന്നിൽ നേതാക്കൾ നിൽക്കുന്ന ഈ കൃഷി ഇനി സി. പി. ഐ. നിറുത്തണം—വി. എസ്. താക്കീതുനൽകി” (പുറം 5). ഞാൻ പതിനേഴു കൊല്ലമായി ഈ പംക്തി എഴുതുന്നു. ഇതെഴുതാൻ വേണ്ടി കേരളത്തിലും പുറത്തും പ്രസിദ്ധപ്പെടുത്തുന്ന എല്ലാ വാരികകളും മാസികകളും വായിക്കുന്നു. എമെർജൻസിക്കാലത്ത് എല്ലാ പ്രസാധനങ്ങളും കാവ്യസമാഹാരങ്ങളും കഥാസമാഹാരങ്ങളും കൂടുതൽ ശ്രദ്ധയോടെ വായിച്ചു. ഒ. എൻ. വി. എമെർജൻസിയെ സ്തുതിച്ച് ഒരിടത്തും ഒരു വാക്കുപോലും പറഞ്ഞതായി ഞാൻ കണ്ടില്ല, കേട്ടില്ല. മാത്രമല്ല അദ്ദേഹം അക്കാലത്തു തന്നെ അതിനെ നിന്ദിക്കുകയും ചെയ്തു ഒരു കാവ്യത്തിലൂടെ. ‘ജാലകം’ എന്നാണ് അതിന്റെ പേര്, ‘കറുത്ത പക്ഷിയുടെ പാട്ട്’ എന്ന കാവ്യസമാഹാരഗ്രന്ഥത്തിൽ അതു ഉൾപ്പെടുത്തിയിട്ടുണ്ട്. അന്ധകാരം നിറഞ്ഞ ആതുരാലയത്തിൽ അകപ്പെട്ടുപോയ കവി ജാലകം ഉറന്നിട്ട്, വെളിച്ചം കടന്നുവരട്ടെ എന്ന് നിയോഗിക്കുകയാണ് ആ കാവ്യത്തിൽ. രാഷ്ട്രത്തിന്റെ ചൈതന്യം കെട്ടു പോകുമ്പോൾ, അങ്ങനെ അന്ധകാരം വ്യാപിക്കുമ്പോൾ സെൻസിറ്റിവ് ആർട്ടിസ്റ്റായ കവിക്ക് ആ അന്ധകാരത്തെ വാഴ്ത്താനാവില്ല. സ്വാതന്ത്ര്യത്തിന്റെ പ്രകാശം വരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ലയാത്മകമെങ്കിലും സുശക്തമായി പാടാനേ കഴിയൂ. കവി ചെയ്തതു അതാണ്. സ്നേഹലതാറെഡ്ഡിയുടെ മരണത്തിൽ ദുഃഖിച്ചു കൊണ്ട് അദ്ദേഹമെഴുതിയ ഒരു കൊച്ചു കാവ്യവും എന്റെ സ്മൃതിപഥത്തിലെത്തുന്നു. പുരോഗമനാത്മകങ്ങളായ ചിന്തകൾ ആവിഷ്കരിച്ച്, വിപ്ലവാത്മകങ്ങളായ സംഘട്ടനങ്ങൾക്കു പ്രാധാന്യം കൽപ്പിച്ച് എപ്പോഴും കാവ്യരചന നടത്തിയ ഈ കവിയെ എമെർജൻസിയുടെ സ്ത്രോതാവായി വി. എസ്. കണ്ടത് എങ്ങനെയാണ്?

മഹാനായ അലക്സാണ്ടർ ചക്രവർത്തി ഒരുത്തനെ വധിക്കാൻ ആജ്ഞാപിച്ചു. “നിനക്ക് എന്തെങ്കിലും പറയാനുണ്ടോ?” എന്ന അലക്സാണ്ടർ ചോദിച്ചു. “ഉണ്ട്” എന്ന മറുപടി. അതെന്താണെന്നു ചോദിച്ചപ്പോൾ “എനിക്ക് അപ്പീലിനു പോകണം” എന്ന ഉത്തരം. ചക്രവർത്തിയ്ക്കു കോപമായി. “എന്ത്? ഞാനാണ് ചക്രവർത്തി, ഞാനാണ് പ്രാഡ്വിവാകൻ. ആരോടാണ് നീ അപ്പീലിനു പോകുന്നത്?” അപ്പോൾ അയാൾ പറഞ്ഞു: “അല്പനായ അലക്സാണ്ടറിൽ നിന്ന് മഹാനായ അലക്സാണ്ടറിലേയ്ക്കാണ് ഞാൻ പോകുക” അന്യരെക്കുറിച്ച് അഭിപ്രായങ്ങൾ ആവിഷ്കരിക്കുമ്പോഴും നമ്മൾ മഹത്ത്വം പ്രദർശിപ്പിക്കണം. സാഹിത്യവാരഫലക്കാരനും അനുസരിക്കേണ്ട ഒരു തത്ത്വമാണിത്.

മുകളിൽ പറഞ്ഞ തത്ത്വം സാഹിത്യ നിരൂപണത്തിലും കൂടിയേ തീരൂ എന്നില്ല. അങ്ങനെയാണെങ്കിൽ നിഷ്പക്ഷചിന്താഗതിയ്ക്കു സ്ഥാനമില്ലാതെയാകും. അതുകൊണ്ട് ദേശാഭിമാനി വാരികയിൽ ‘വലിയ വീട്’ എന്ന ചെറുകഥയെഴുതിയ എന്റെ യുവസ്നേഹിതൻ അക്ബർ കക്കട്ടിലിനെക്കുറിച്ച് ഒരു വാക്യം മാത്രമെഴുതട്ടെ: “എന്റെ പേരക്കുട്ടി, എട്ടു വയസ്സുള്ള ഋതേഷ് ഇതിനേക്കാൾ നല്ല കഥയെഴുതും. അതു ഒരു വാരികയിലും പ്രസിദ്ധപ്പെടുത്തുകയുമില്ല.”

## കവിയുടെ ആത്മാവ് ലജ്ജിക്കുന്നു

മരിച്ചയാളിനെക്കുറിച്ചുള്ള ഈ വിചാരം എ. പി. നളിനൻ കുങ്കുമം വാരികയിൽ എഴുതിയ ‘കയ്പവല്ലരി’ എന്ന ലേഖനത്തിലേയ്ക്ക് എന്നെ കൊണ്ടുചെല്ലുന്നു. വൈലോപ്പിള്ളിയെ ലേഖകൻ കണ്ടതും ഒരു സമ്മേളനത്തിനു കൂട്ടികൊണ്ടു പോയതുമാണ് വിഷയം. ആകെ അമ്പതു വാക്യങ്ങളുള്ള ഈ ലേഖനത്തിൽ ഇരുപത്തിരണ്ടു തവണ വൈലോപ്പിള്ളിയെ ‘മഹാകവി’ എന്ന വിളിച്ചിരിക്കുന്നു. (ഒന്നാം കോളം 7 മഹാകവി + രണ്ടാം കോളം 4 മഹാകവി + മൂന്നാം കോളം 11 മഹാകവി. ആകെ 22 മഹാകവി.) കഴികഴിച്ച ഉണിറക്കി അതുറപ്പിക്കാൻ വേണ്ടി കല്ലുകൽക്കിക്കല്ലുകി താഴ്ത്തുന്നതുപോലെയുള്ള കൃത്യമാണിത്. ആദ്യം ഏഴു തവണ കല്ലുകി. ക്ഷീണം കൊണ്ടു രണ്ടാമത്തെ തവണ നാലു കല്ലുകേ കല്ലുകിയുള്ളൂ. ലേഖനം തീരാറായി. ഉണ വീണെങ്കിലോ എന്ന പേടി നളിനന്. അവസാനമായി പതിനൊന്നു തവണ കല്ലുകി. ഉണുറച്ചോ സുഹൃത്തേ? ലജ്ജാവഹം എന്നല്ലാതെന്തു പറയാൻ.

കല്പനാവിദഗ്ദ്ധവും സജീവവും അതേ സമയം സത്യസന്ധവും ആയ കാവ്യങ്ങളുടെ രചയിതാവായിരുന്നു വൈലോപ്പിള്ളി ശ്രീധരമേനോൻ. ഏതു വിഷയത്തിലും തുളച്ചു കയറുന്ന ധിഷണാവൈഭവം അദ്ദേഹത്തിനുണ്ടായിരുന്നു. മൗലികമായ ശൈലിയും ആ കവി സ്വായത്തമാക്കിയിരുന്നു. ഇതൊക്കെയാണ് സത്യം. അല്ലാതെ ‘തൊട്ടുന്നതിന് അഞ്ചുറ വട്ടം’ മഹാകവി എന്ന വിളിച്ചാൽ സരസ്വതീദേവി ലജ്ജിക്കും. ആ ദേവിയെ ഉപാസിച്ച കവിയും ലജ്ജിക്കും.

## എ. പി. ഉദയഭാനു

“ഈ ലോകത്ത് മൂന്നു മഹാന്മാരേയുള്ളൂ. ഒന്ന്: സ്റ്റാലിൻ; രണ്ട്: ഐൻസ്റ്റൈൻ; മൂന്നാമത്തെയാളിന്റെ പേര് വിനയം കൊണ്ട് ഞാൻ പറയുന്നില്ല”. ഇതു പറഞ്ഞത് ബർനാഡ് ഷായാണ്. ഈ പ്രസ്താവം കേട്ട് ആളുകൾ ചിരിച്ചതേയുള്ളൂ. കഴിവുള്ളവരുടെ അഹങ്കാരം കലർന്ന പ്രസ്താവങ്ങൾ വൈരസ്യജനകങ്ങളല്ലേല്ല. മഹാഭാരതത്തിന്റെ ഭാഷാന്തരീകരണത്തിൽ തെറ്റുണ്ടെന്ന് മാവേലിക്കരത്തമ്പുരാനും, ചാത്തുക്കുട്ടി മന്നാടിയാരും പറഞ്ഞപ്പോൾ കുഞ്ഞിക്കുട്ടൻ തമ്പുരാൻ പരസ്യപ്പെടുത്തിയ ശ്ലോകം പ്രഖ്യാതമാണ്.

> മാവേലിക്കര മന്ന, മാന്യമതിയാം
> മന്നാടിയാരേ നമുക്കി-
> വേലയ്ക്കൊരബദ്ധമച്ച-
> പിഴയാൽ പെട്ടേ പെട്ടുള്ളൂ ദൃഢം

ഈ അഹമ്മതിയും നീരസം ഉളവാക്കുന്നില്ല വായനക്കാർക്ക്. അതേ കാരണത്താൽ വൈലോപ്പിള്ളിയുടെ പരുഷങ്ങളായ പെരുമാറ്റങ്ങളും അവയ്ക്കു വിധേയരാവുന്നവർക്ക് അസഹ്യങ്ങളായില്ല. പരുക്കൻ പെരുമാറ്റത്തിനും ചേതോഹരമായ കവിതയ്ക്കും പേരുകേട്ട വൈലോപ്പിള്ളി, എ. പി. ഉദയഭാനുവിനോട് എപ്പോഴും ഹൃദ്യമായേ പെരുമാറിയിരുന്നുള്ളുവെന്ന് അദ്ദേഹം ഹൃദ്യമായ രീതിയിൽ വ്യക്തമാക്കിയിരിക്കുന്നു (മനോരാജ്യം വാരികയിലെ ‘വൈലോപ്പിള്ളി’ എന്ന ലേഖനം). സാർത്രിന്റെ ഒരേയൊരു ദാർശനിക നോവലായ ‘ല നോസേ’ യിലെ പ്രധാന കഥാപാത്രം വസ്തുക്കളുടേയും വസ്തുതകളുടേയും സാരാംശം പൊടുന്നനവേ ഗ്രഹിക്കുന്നതായി നമ്മൾ ഗ്രഹിക്കുന്നു. താൻ വർണ്ണിക്കുന്ന ഏതു വിഷയത്തിന്റേയും, ഏതു വ്യക്തിയുടേയും സാരാംശം മനസ്സിലാക്കാനും അതിനെ അത്യുക്തിയില്ലാതെ പ്രതിപാദിക്കാനും ഉദയഭാനുവിന് കഴിയും. ആ പ്രഗൽഭത മനോരാജ്യത്തിലെ പ്രബന്ധത്തിലും ദർശിക്കാം.

## കൃഷ്ണസൂക്തങ്ങൾ (അഹങ്കാരമില്ലാതെ)

1. റിലേറ്റിവിറ്റി സിദ്ധാന്തം കണ്ടു പിടിച്ച ഐൻസ്റ്റൈൻ വിനയസമ്പന്നനായിരുന്നു. അദ്ദേഹത്തെ ഞാൻ കണ്ടിട്ടില്ല. ‘ഭൂമി ഉരുണ്ടതാണ്’ എന്നത് സ്വന്തം കണ്ടുപിടിത്തമായി തലകുലുക്കിക്കൊണ്ടു പറയുന്ന ഒരു സംസ്കൃതം പ്രൊഫസ്സറുണ്ട്. ഞാൻ അദ്ദേഹത്തെ കണ്ടിട്ടുണ്ട്.
2. പുല്ലാങ്കുഴലിന്റെ നാദം നിശീഥിനിയിൽ ഉയരുമ്പോൾ സൂക്ഷിക്കു. പാമ്പുകൾ തല ഉയർത്തുന്നുണ്ടാവും.
3. എഴുത്തച്ഛൻ, വള്ളത്തോൾ, ചങ്ങമ്പുഴ എന്നീ പേരുകൾ പറഞ്ഞുകൊണ്ടിരിക്കൂ. അനുഭൂതിയുടെ തലത്തിലെത്താം.
4. പ്രായം കൂടിക്കൂടി വരുന്നവരെ മറ്റാളുകൾ വെറുക്കും. എന്നെ വെറുക്കുന്നവരോട് എനിക്ക് വെറുപ്പില്ല, പരാതിയുമില്ല.
5. ടെലിവിഷനിലെ ചിത്രഗീതവും ചിത്രഹാറും ആൺകുട്ടികളും പെൺകുട്ടികളും കാണാതിരിക്കരുത്. ലൈംഗികവേഴ്ചയ്ക്കു മുൻപുള്ളതെല്ലാം അവയിൽ നിന്ന് പഠിക്കാം.
6. പാത്തുമ്മ കൈപ്പള്ളി ചന്ദ്രിക വാരികയിലെഴുതിയ ‘തണൽ എത്ര അകലെ’ എന്ന കഥ. പൈങ്കിളിക്കഥ എന്ന് അവസാനമായി ഞാൻ പറയുന്നു. ഇനിയൊരിക്കലും ഈ വാക്ക് ഞാൻ പ്രയോഗിക്കില്ല.

## അമേരിക്കൻ സംസ്കാരം

അലക്സാണ്ടർ ചക്രവർത്തിയും പേർഷ്യൻ വധുവും. ബി. സി. നാലാം നൂറ്റാണ്ടിൽ രത്നത്തിൽ കൊത്തിയ ശില്പം. കൊല്ലത്തെ പടയോട്ടത്തിനും ലോകചരിത്രത്തിലെ ഏറ്റവും വലിയ ദിഗ്വിജയങ്ങളിലൊന്നിനും ശേഷം 32-ആം വയസ്സിൽ പടയോട്ടത്തിനിടയിൽ തന്നെ അലക്സാണ്ടർ മരിച്ചു പോയി.

ഒരു പ്രസിദ്ധമായ അമേരിക്കൻ നേരമ്പോക്കുണ്ട്. അക്കാരണത്താൽത്തന്നെ ഇതു വൈരസ്യമാർന്നതുമായിരിക്കാം. ഒരു സ്ത്രീ വേറൊരു സ്ത്രീയുടെ കുഞ്ഞിനെ കണ്ട് “നിന്റെ കുഞ്ഞ് എത്ര ഭംഗിയുള്ളതു?” എന്ന് പറഞ്ഞപ്പോൾ അവൾ “കുഞ്ഞു സാരമില്ല, ഇതിന്റെ ഫോട്ടോ കാണണം. അതിന് ഭംഗി കൂടുതലാണ്” എന്ന പറഞ്ഞുവത്രേ. യാഥാർത്ഥ്യത്തെ വിട്ട് നിഴലിനെ ആരാധിക്കുന്ന ദുഷിച്ച അമേരിക്കൻ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നു, ഈ നേരമ്പോക്ക്. ഈ നിഴലിന്റെ സ്വഭാവത്തെ “അമേരിക്ക എന്ന മൂഢസ്വർഗ്ഗം” എന്ന ലേഖനത്തിലൂടെ ജോസഫ് കൈമാപ്പറമ്പൻ ഹൃദ്യമായി പരിഹസിക്കുന്നു (മനോരമ ആഴ്ചപ്പതിപ്പ്). ഉള്ളു കുളിർക്കുമാറ് നമ്മെ ചിരിപ്പിക്കുന്ന പല നേരമ്പോക്കുകളും ഇതിലുണ്ട്. ഒരെണ്ണം പറയാം. ഒരു നാട്ടുകാരൻ കൈമാപ്പറമ്പിന്റെ മുന്നിലെത്തി. അദ്ദേഹം കഥാപ്രസംഗവേളയിൽ ചൊല്ലിയ മൂന്നു വരികൾ—സഞ്ജയൻ എന്ന ഹാസ്യ സാഹിത്യകാരന്റെ മൂന്നു വരികൾ—വന്നയാൾ പറഞ്ഞു:

> കണ്ടാലൊരു ചിരി
> കാണാതൊരു ചിരി
> കാര്യം കാണാനൊരു കള്ളച്ചിരി

എന്നിട്ട് കൈമാപ്പറമ്പനോട് ഒരു ചോദ്യം “ഇന്ദിരാഗാന്ധിയുടെ മകൻ സഞ്ജയൻ മലയാളത്തിൽ കവിത എഴുതിയിട്ടുണ്ടോ?” ഹാസ്യത്തിന്റെ പ്രകാശം വിഷാദാന്ധകാരത്തെ അകറ്റിക്കളയും. അതുകൊണ്ട് കൈമാപ്പറമ്പൻ ഇനിയും ഇതുപോലുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യട്ടെ.

കാമോത്സുകമായ സാഹിത്യം അത്യന്തതയിലെത്തുമ്പോഴും ജുഗുപ്സയിലേക്ക് വീഴുന്നില്ല എന്നതിന് തെളിവ് നമ്മുടെ സംസ്കൃതസാഹിത്യം തന്നെ. എന്നാൽ ഹെൻട്രി മില്ലറുടെ Tropic of Cancer തുടങ്ങിയ കൃതികൾ അശ്ലീല സാഹിത്യമായി കരുതുന്നു. അതിന് ഹേതു എന്താവാം? ആലോചിക്കേണ്ട വിഷയമാണിത്.

# എം. കൃഷ്ണൻ നായർ


തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിന ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിന ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിന ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിന ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലോ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്ന കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യൂമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.